# കാരാഗൃഹവാസത്തിൽ നിന്ന് അനുഗ്രഹങ്ങൾ

സാക് പുന്നൻ

WFTW 19 ഫെബ്രുവരി 2017

റോമിലുള്ള തടവറയിൽ നിന്ന് എഴുതുന്ന പൗലൊസ് പറയുന്നു, ‘ എൻറെ ബന്ധനത്തെക്കുറിച്ച് നിങ്ങൾ നിരുത്സാഹപ്പെടരുത്, കാരണം അത് സുവിശേഷത്തിൻറെ അഭിവൃദ്ധിക്ക് കാരണമായിത്തീർന്നു‘ (ഫിലി 1:12). ‘ ദൈവത്തെ സ്നേഹിക്കുന്നവരും ദൈവത്തിൻറെ മുൻ നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവരുമായവർക്ക് സകലവും നന്മയ്ക്കായി കൂടി വ്യാപരിക്കുന്നു. ‘ ( റോമർ 8:28) എന്ന് പൗലൊസ് വിശ്വസിച്ചു.

എങ്ങനെയാണ് പൗലൊസിൻറെ ബന്ധനം നന്മയ്ക്കായി പ്രവർത്തിച്ചത്? പൗലൊസിൻറെ ബന്ധനം നമുക്ക് നന്മയ്ക്കായി തീർന്ന ഒരു വഴി ഇതാ ഇവിടെയുണ്ട്: പൗലൊസ് എപ്പോഴും ഊർജ്ജസ്വലനായി അവിശ്രാന്തം പ്രവർത്തിക്കുന്ന ഒരു മനുഷ്യനായിരുന്നു. അദ്ദേഹം വൃദ്ധനായപ്പോൾ പോലും, എപ്പോഴും യാത്ര ചെയ്യുമായിരുന്നു. താൻ ഈ ഭൂമി വിട്ടുപോകുന്നതിനു മുൻപ്, കഴിയുന്നത്ര സ്ഥലങ്ങളിൽ സുവിശേഷവുമായി എത്തിച്ചേരുവാൻ അദ്ദേഹം ആഗ്രഹിച്ചിരുന്നു. ആത്മീയമായി വളരെ വലിയ ഒരു സമ്പന്നനാകുവാൻ തക്കവണ്ണം ദൈവത്തോടു ചേർന്നുള്ള ഒരു നടപ്പ് അദ്ദേഹത്തിനുണ്ടായിരുന്നു. കൂടാതെ അനേകം ശോധനകളിലൂടെ അദ്ദേഹത്തിനു കടന്നുപോകേണ്ടി വരികയും ചെയ്തു. എന്നാൽ താൻ കർത്താവിൽ നിന്നു പഠിച്ചതുമുഴുവൻ അദ്ദേഹം എഴുതിയിട്ടില്ലായിരുന്നു. ഈ മനുഷ്യൻറെ ആത്മീയ സമ്പത്ത് അദ്ദേഹത്തോടൊപ്പം ശവക്കുഴിയിലേക്കു പോകരുത്, എന്നാൽ അത് സംരക്ഷിക്കപ്പെടുകയും ഭാവിതലമുറകളുടെ അനുഗ്രഹത്തിനായി പ്രേഷണം ചെയ്യപ്പെടുകയും വേണം എന്ന് ദൈവം നിശ്ചയിച്ചു. എന്നാൽ പൗലൊസ് ഇരുന്ന് അതെല്ലാം എഴുതുവാൻ തക്കവണ്ണം അദ്ദേഹത്തെ സാവധാനത്തിലാക്കുവാൻ ദൈവത്തിന് എങ്ങനെ സാധിച്ചു? അദ്ദേഹം തടവിലാക്കപ്പെടുവാൻ അവിടുന്ന് അനുവദിച്ചു!!

പൗലൊസ് തടവറയിലായപ്പോൾ, അദ്ദേഹത്തിന് യാത്ര ചെയ്യുവാൻ കഴിഞ്ഞില്ല. അതുകൊണ്ട് തൻറെ സമയം പ്രയോജനപ്രദമായി ചെലവാക്കുവാനും ഏതാനും സഭകൾക്ക് ലേഖനങ്ങൾ എഴുതുവാനും അദ്ദേഹം തീരുമാനിച്ചു. അങ്ങനെയാണ് അദ്ദേഹം ഫിലിപ്യർക്കും, എഫെസ്യർക്കും, കൊലൊസ്യർക്കും എഴുതിയത്. അതിൻറെ ഫലം എന്തായിരുന്നു? ആ എഴുത്തുകൾ 2000 വർഷങ്ങളായി ലക്ഷക്കണക്കിനാളുകൾക്ക് ഒരനുഗ്രഹമായി തീർന്നിട്ടുണ്ട്. അതുകൊണ്ട്, പൗലൊസിൻറെ ബന്ധനം നന്മയ്ക്കായി തീർന്നു.

1980 കളുടെ മദ്ധ്യത്തിൽ, കുറച്ചു നാളത്തേക്ക് ഞാൻ ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ടു. മറ്റെവിടെയെങ്കിലും തിരക്കിട്ട് കർത്താവിനെ സേവിക്കേണ്ടിയിരുന്ന എന്നെ എന്തിനാണ് ഒരു ആശുപത്രിയിൽ ആയിരിക്കുവാൻ കർത്താവ് അനുവദിച്ചതെന്ന് ഞാൻ അവിടുത്തോടു ചോദിച്ചു. കർത്താവ് എന്നോട് പറഞ്ഞത് ഏതാനും ദിവസങ്ങൾ എന്നെ കിടപ്പിലാക്കി അവിടുത്തേക്ക് എന്നോടു പറയുവാനുള്ളത് ഞാൻ ശ്രദ്ധിച്ചു കേൾക്കുവാൻ അവിടുന്നാഗ്രഹിക്കുന്നു എന്നാണ്. കർത്താവിനോട് സംസാരിക്കുവാൻ ഒട്ടും സമയം ലഭിക്കാതവണ്ണം ഞാൻ ശുശ്രൂഷയുടെ തിരക്കിലായിരുന്നു. എന്നെ ആശുപത്രിയിലാക്കിയതിൻറെ കാരണം അതാണെന്നറിഞ്ഞപ്പോൾ, ദൈവം ആഗ്രഹിക്കുന്നത്രയും നാൾ അവിടെ കിടക്കുന്നതിൽ എനിക്കു സന്തോഷമായിരുന്നു, കാരണം എനിക്ക് അവിടുത്തെ കേൾക്കണമായിരുന്നു. ഒരു ആശുപത്രി കിടക്കയിൽ കിടക്കുന്നതിൻറെ ഒരു ഗുണം നിങ്ങൾക്ക് മുകളിലേക്കു മാത്രമെ നോക്കാൻ കഴിയൂ എന്നതാണ്! ഞാൻ അവിടെ കിടന്നപ്പോൾ, കർത്താവ് ദിവസം പ്രതി എന്നോട് സംസാരിക്കുവാൻ തുടങ്ങി. കർത്താവ് എന്നോട് സംസാരിച്ചപ്പോൾ അവിടുന്ന് പറഞ്ഞത് ഞാൻ എഴുതി വച്ചു. ഞാൻ എപ്പോഴെങ്കിലും

എഴുതിയിട്ടുള്ളതിൽ വെച്ച് കർത്താവ് എന്നോട് സംസാരിക്കയിൽ ഏറെക്കുറെ ചിന്തയ്ക്കുള്ള ചിന്തയായി എഴുതപ്പെട്ടിട്ടുള്ള ഏകലേഖനം അതായിരുന്നു. അത് ' ദൈവത്തികന് ആളുകളെ ആവശ്യമുണ്ട്' എന്ന തലക്കെട്ടിൽ ഒരു ലേഖനഖണ്ഡമായും ( ഞാൻ എഴുതിയ ' പുതിയ വീഞ്ഞ് പുതിയ തുരുത്തിയിൽ' എന്ന പുസ്തകത്തിലെ രണ്ടാമത്തെ അദ്ധ്യായം) , പിന്നീട് ' ദൈവഭക്തന്മാരുടെ അമ്പത് അടയാളങ്ങൾ' എന്ന പേരിൽ ഒരു ചെറുപുസ്തകമായും പ്രസിദ്ധീകരിക്കപ്പെട്ടു. ആ ലേഖനഖണ്ഡത്തെയും, ആ ചെറു പുസ്തകത്തെയും ലോകത്തിൽ ചുറ്റുമുള്ള അനേക രാജ്യങ്ങളിൽ ദൈവം ഉപയോഗിച്ചു. എൻറെ എല്ലാ കൃതികളിലും വച്ച് ഏറ്റവും പ്രാധാന്യമുള്ളതായി ഞാൻ അതിനെകരുതുന്നു. എന്നാൽ കർത്താവ് എന്നെ ഒരു ആശുപത്രിയിലാക്കിയിരുന്നില്ലെങ്കിൽ ഞാൻ ഒരിക്കലും അത് എഴുതുമായിരുന്നില്ല.

തനിക്കുവേണ്ടി ചില കാര്യങ്ങൾ ചെയ്യേണ്ടിതിനായി ദൈവം നമ്മേ ഇടയ്ക്ക് തടഞ്ഞു നിർത്തുന്നു രോഗത്താലോ, തടവുശിക്ഷയാലോ അങ്ങനെയല്ലാതെ നാം ഒരിക്കലും അതുചെയ്യുമായിരുന്നില്ല. അതുകൊണ്ട് ദൈവം നമ്മെ നമ്മുടെ പാതയിൽ തടഞ്ഞുനിർത്തുമ്പോഴൊക്കെയും നമുക്ക് നന്ദിയുള്ളവരായിരിക്കാം. അവിടുത്തേക്ക് അതിൽ ഒരു ഉദ്ദേശ്യമുണ്ട്, കാരണം ' നല്ല മനുഷ്യരുടെ ചുവടുകൾ ദൈവത്താൽ സംവിധാനം ചെയ്യപ്പെടുന്നത്രയും തന്നെ അവർക്കുണ്ടാകുന്ന തടഞ്ഞു നിർത്തലുകളും ആകുന്നു' ( സങ്കീ 37: 23)

പൗലൊസിൻറെ കരാഗൃഹവാസം നന്മയ്ക്കായി പ്രവർത്തിച്ച രണ്ടാമതൊരുവിധം കൂടിയുണ്ട്. ' എൻറെ ബന്ധനങ്ങൾ ക്രിസ്തു നിമിത്തമാകുന്നു എന്ന് അകമ്പടി പട്ടാളത്തിലൊക്കെയും തളിവായി വന്നു ( ഫി ലി 1:13). പിന്നീട് ' ഇവിടെയുള്ള എല്ലാ ക്രിസ്ത്യാനികളും, നിങ്ങളോട് അവരെപ്പറ്റി ഓർപ്പിക്കുവാൻ ആഗ്രഹിക്കുന്നു. വിശേഷാൽ കൈസരുടെ അരമനയിലുള്ളവർ' (ഫിലി 4:22 ലിവിംഗ്) . എങ്ങനെയാണ് കൈസരുടെ അരമനയിലുള്ളവർ രക്ഷിക്കപ്പെട്ടത്? തന്നോട് ചേർത്ത് ചങ്ങലയ്ക്കിട്ട അകമ്പടി പടയാളികളോട് പൗലൊസ് സുവിശേഷം പ്രസംഗിച്ചതു കൊണ്ട് അക്കാലത്തു തടവകാർ തങ്ങളിൽ നിന്ന് രക്ഷപെട്ടുപോകുന്നതിൽ നിന്ന് തടയുവാൻ വേണ്ടി തടവുപുള്ളികളെ അകമ്പടി പടയാളികളോട് ചേർത്ത് ചങ്ങലയാൽ ബന്ധിക്കുമായിരുന്നു. ആ 8 മണിക്കൂർ സമയം തന്നോടു ചേർത്ത് ചങ്ങലയിട്ടിരുന്ന ഒരു റോമൻ പടയാളിയോട് പൗലൊസ് സുവിശേഷ പ്രസംഗിക്കും. ആ പടയാളിക്ക് ദൂരെ മാറിപോകുവാൻ കഴിഞ്ഞിരുന്നില്ല.!! അയാൾക്ക് ശ്രദ്ധിച്ചു കേൾക്കേണ്ടിവന്നു. ഒരു കാവൽ ഭടൻറെ 8 മണിക്കൂർ തവണ കഴിയുമ്പോൾ മറ്റൊരു കാവൽഭടൻ അടുത്ത 8 മണിക്കൂർ നേരത്തേക്ക് ആദ്യത്തെ ആളിനുപകരം വരും. പൗലോസ് അയാളോടും സുവിശേഷം പ്രസംഗിക്കും. അങ്ങനെ അനേകം കാവൽ ഭടന്മാർ രക്ഷിക്കപ്പെട്ടു. വളരെ പെട്ടന്നു തന്നെ കൈസരുടെ കൊട്ടാരത്തിൽ ഒരു ചെറിയ സഭാ കൂടിവരവുണ്ടായി.

അങ്ങനെ പൗലൊസിൻറെ കാരാഗൃഹവാസം ദൈവ വചനം എഴുതപ്പെടുവാനും ആളുകൾ (ഒരിക്കലും ഒരു മീറ്റിംഗുവരുവാൻ സാധ്യതയില്ലാത്തവർ) രക്ഷിക്കപ്പെടുവാനും കാരണമായി തീർന്നു.

എന്നാൽ അതുകൊണ്ട് എല്ലാമായില്ല, മൂന്നാമതൊരു അനുഗ്രഹം കൂടി പൗലോസിൻറെ കാരാഗൃഹവാസം കൊണ്ട് ഉണ്ടായി. ഭീരുക്കളായിരുന്ന അനേകം വിശ്വാസികൾ പൗലൊസിൻറെ തടവുശിക്ഷയെക്കുറിച്ചു കേട്ടപ്പോൾ സുവിശേഷം പറയുവാൻ ധൈര്യമുള്ളവരായിത്തീർന്നു. (ഫിലി 1:14). അവർ സുവിശേഷം പറയുന്നതിലുള്ള ഭയം ഉപേക്ഷിച്ചിട്ട് ധൈര്യത്തോടെ ക്രിസ്തുവിനെ പ്രഘോഷിച്ചു. അങ്ങനെ പൗലൊസിൻറെ തടവുശിക്ഷ സുവിശേഷത്തിൻറെ വ്യാപ്തിക്കു കാരണമായിതീർന്നു.

നമ്മുടെ ദൈവം തിന്മയിൽ നിന്ന് നന്മകൊണ്ടുവരുന്ന ദൈവമാണ്. ദൈവത്തെ സ്തുതിക്കുന്നു.